വിവിധ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ

8 (*248) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് കേരളത്തിലെ ബയോടെക്നോളജി രംഗത്ത് ഒട്ടേറെ കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) ബയോടെക്നോളജി മേഖലയുടെ വികസനത്തിനും, ഈ മേഖലയിൽ നിക്ഷേപം, തൊഴിൽ സാദ്ധ്യത എന്നിവ വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുംകൂടി 31-3-2003-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്.)42/2003/വ്യവ പ്രകാരം ശ്രീ. രാജീവ് വാസുദേവനെ 'സ്പെഷ്യൽ ഓഫീസർ ഫോർ ബയോടെക്നോളജി' ആയി നിയമിച്ചിട്ടുണ്ട്. ഈ മേഖലയുടെ വികസനത്തിനു വേണ്ടിയുള്ള നിർദ്ദേശങ്ങളും അവ നടപ്പിലാക്കുന്നതിനുവേണ്ട ഭരണപരവും സംഘടനാപരവുമായ കാര്യങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകുക എന്നതാണ് സ്പെഷ്യൽ ഓഫീസറുടെ പ്രധാന ചുമതല.

ബയോടെക്നോളജി മേഖലയുടെ വികസന സാദ്ധ്യതകൾ കണ്ടെത്തുന്നതിനായി വിവിധ വകുപ്പുകളുമായി സ്പെഷ്യൽ ഓഫീസ് ചർച്ചകൾ നടത്തിവരുന്നു. ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ജൈവ സമ്പത്ത് മാപ്പ് ചെയ്യുന്നതിനും ഡോക്യുമെന്റ് ചെയ്യുന്നതിനും കേന്ദ്ര സർക്കാർ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലും സമാന്തരമായിട്ടുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

ബയോടെക്നോളജി അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഓരോ ബയോടെക്നോളജി പാർക്കുകൾ തിരുവനന്തപുരത്തും കൊച്ചിയിലും കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ടി തയ്യാറാക്കിയ പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly